"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - **2025-26** ലെ മൂലധന നിക്ഷേപത്തിനായുള്ള സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതി **(Scheme for Special Assistance to States for Capital Investment (SSASCI) 2025–2026)** പ്രകാരം അഞ്ച് വർഷത്തെ കരാർ അടിസ്ഥാനത്തിൽ നഗര തദ്ദേശ സ്ഥാപനങ്ങളിലെയും ക്ലസ്റ്ററുകളിലെയും സാങ്കേതിക തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള റിക്രൂട്ട്മെന്റ് സേവനങ്ങൾക്കായുള്ള തുക നഗരസഭകളുടെ തനതു ഫണ്ടിൽ നിന്ന് **CMD** യ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**688/2026/LSGD** തീയതി,തിരുവനന്തപുരം, **11-03-2026**

---

പരാമർശം:- 1. **15.12.2025** -ലെ **GO(Ms)No.227/2025/LSGD** നമ്പർ ഉത്തരവ്

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **04-02-2026**- ലെ **LSGD/PD/40025/2025-CSSB1** നമ്പർ കത്ത്

**ഉത്തരവ്**

**2025-26** ലെ മൂലധന നിക്ഷേപത്തിനായുള്ള സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതി (Scheme for Special Assistance to States for Capital Investment (SASCI) 2025-2026) പ്രകാരം നഗര തദ്ദേശസ്ഥാപനങ്ങളിൽ സാങ്കേതിക തസ്തികകൾ അഞ്ച് വർഷത്തെ കരാർ അടിസ്ഥാനത്തിൽ അനുവദിക്കുകയും പ്രസ്തുത തസ്തികകൾ നികത്തുന്നതിന് അനുമതി നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികകളിൽ നിയമനം നടത്തുന്നതിനായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പ്രൊപ്പോസൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി.

2. റിക്രൂട്ട്മെന്റ് ഇനത്തിൽ ചിലവാകുന്ന തുക നഗരസഭകളുടെ തനതു ഫണ്ടിൽ നിന്ന് കണ്ടെത്താവുന്നതാണെന്നും, CMD-യുടെ പ്രൊപ്പോസൽ പ്രകാരം എഴുത്തുപരീക്ഷയ്ക്കുള്ള ചുരുക്കപ്പട്ടിക സമർപ്പിച്ചുകഴിഞ്ഞാൽ റിക്രൂട്ട്മെൻ്റ് സർവീസുമായി ബന്ധപ്പെട്ട Operational Charges, Advertisement Charges, Charges for Application Scrutiny എന്നീ ഇനങ്ങൾക്കുള്ള പ്രൊഫഷണൽ ഫീസിന്റെ **50** ശതമാനം നൽകണമെന്ന് CMD അറിയിച്ചിട്ടുണ്ടെന്നും

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ റിക്രൂട്ട്മെന്റ് സേവനങ്ങൾക്കായി ഒരു ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള 14 നഗരസഭകൾ 1,60,000/- (ഒരുലക്ഷത്തി അറുപതിനായിരം) രൂപ വീതവും ഒരു ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള 79 നഗരസഭകൾ 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും CMD യ്ക്ക് അനുവദിയ്ക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2025-26 ലെ മൂലധന നിക്ഷേപത്തിനായുള്ള സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതി (Scheme for Special Assistance to States for Capital Investment (SASCI) 2025–2026) പ്രകാരം അഞ്ച് വർഷത്തെ കരാർ അടിസ്ഥാനത്തിൽ നഗര തദ്ദേശ സ്ഥാപനങ്ങളിലെയും ക്ലസ്റ്ററുകളിലെയും സാങ്കേതിക തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള റിക്രൂട്ട്മെന്റ് സേവനങ്ങൾക്കായി ഒരു ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള 14 നഗരസഭകൾ 1,60,000/- (ഒരുലക്ഷത്തി അറുപതിനായിരം) രൂപ വീതവും ഒരു ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള 79 നഗരസഭകൾ 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും തനതു ഫണ്ടിൽ നിന്നും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന് അനുവദിക്കുന്നതിന് അതത് നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
എല്ലാ നഗരസഭകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 11-03-2026 16:23:23
സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്